**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5572** **24-03-2025 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ഡെർമെറ്റോളജി ആശുപത്രിയുടെ സമഗ്ര വികസനത്തിനു പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ഡെർമെറ്റോളജി ആശുപത്രിയുടെ സമഗ്ര വികസനത്തിനു പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | കോഴിക്കോട് ചേവായൂരിലെ ഡെർമ്മറ്റോളജി ആശുപത്രിയുടെ 20 ഏക്കർ ഭൂമിയിൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗൻ ആന്റ് ടിഷ്യൂ ട്രാൻസ്പ്ലാന്റ് തുടങ്ങുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. ടി സ്ഥാപനത്തിന് ഭൂമി വിട്ടുനൽകിയതിന് ശേഷം അവശേഷിക്കുന്ന സ്ഥലത്ത് ആശുപത്രിയുടെ പുതിയ ഡെർമറ്റോളജി കെട്ടിടങ്ങൾ പുനർ നിർമ്മിക്കുന്നതിന് 20.12 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നിർവ്വഹണ ഏജൻസി തയ്യാറാക്കിയ ഡി പി ആർ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റ് തലത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | ഡെർമെറ്റോളജി ആശുപത്രിയിൽ കൂടുതൽ ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ? | (ബി) | ഇതു സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ